ഭരണഭാഷ – മാതൃഭാഷ

നമ്പർ. സി1/8//2024/റ്റിസി

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.keralamvd.com [ഇ-മെയിൽ - tcoffice@keralamvd.gov.in ]

**തീയതി: 06.05.2024**

പ്രേഷിതൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും,
എല്ലാ റീജണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
എല്ലാ ജോയിൻ റീജണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,

സർ,

വിഷയം :**മോട്ടോർ വാഹന വകുപ്പ് –** ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റ് കൂടുതൽ കാര്യക്ഷമമാക്കുന്നത് – സർക്കാർ ഉത്തരവ് –സംബന്ധിച്ച്.

സൂചന :–1.സർക്കുലർ നമ്പർ.4/2024 തീയതി 21.02.2024.
2.G.O (Rt) No.170/2024 Trans തീയതി 04.05.2024.

സംസ്ഥാനത്ത് ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഗതാഗത കമ്മീഷണർ സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ, വെളിച്ചത്തിൽ സൂചന (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് .പ്രസ്തുത ഉത്തരവിന്റെ പകർപ്പ് വായനയ്ക്കും, തുടർ നടപടികൾ സ്വീകരിക്കുന്നതിനുമായി അയച്ചു നൽകുന്നു .ഇതിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ് .

വിശ്വസ്തതയോടെ,

06/05/2024

സീനിയർ സൂപ്രണ്ട്
(സി സെക്ഷൻ)
ട്രാൻസ്പോർട്ട് കമ്മീഷണർക്കു വേണ്ടി

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഗതാഗത വകുപ്പ് - ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റ് കൂടുതൽ കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഗതാഗത (ബി) വകുപ്പ്

G.O.(Rt)No.170/2024/TRANS തീയതി,തിരുവനന്തപുരം, 04-05-2024

---

പരാമർശം:- 1. ഗതാഗത കമ്മീഷണറുടെ 21/02/2024 ലെ 04/2024 നമ്പർ സർക്കുലർ

2. ഗതാഗത കമ്മീഷണറുടെ 01/05/2024 ലെ C1/8/2024-TC നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മോട്ടോർ വാഹന വകുപ്പ് നടത്തുന്ന ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന് പരാമർശം (1) സർക്കുലർ പ്രകാരം ഗതാഗത കമ്മീഷണർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിന് നിലവിലെ ഡ്രൈവിംഗ് ടെസ്റ്റ് സംവിധാനത്തിൽ ഏതാനും ഭേദഗതികൾ പരാമർശം (2) പ്രകാരം ഗതാഗത കമ്മീഷണർ നിർദ്ദേശിക്കുകയുണ്ടായി.

2,സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. താഴെ പറയും പ്രകാരമുള്ള നിർദ്ദേശങ്ങൾ അംഗീകരിച്ചും ആയവ നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(1) പരാമർശം (1) സർക്കുലർ പ്രകാരം പ്രതിദിനം ഒരു ഓഫീസിൽ 30 അപേക്ഷകരുടെ ടെസ്റ്റ് നടത്തുന്നത് 40 എണ്ണമായി പുതുക്കി നിശ്ചയിക്കേണ്ടതാണ്. ഇതിൽ 25പേർ പുതിയ അപേക്ഷകരും 10 പേർ re-test അർഹത നേടിയവരുമായിരിക്കണം. ബാക്കി 5പേർ വിദേശ ജോലി/പഠനം എന്നീ ആവശ്യാർത്ഥം പോകേണ്ടവർ, വിദേശത്ത് നിന്നും അവധി എടുത്തു വന്നു അടിയന്തിരമായി മടങ്ങി പോകേണ്ട പ്രവാസികൾ എന്നീ വിഭാഗങ്ങൾക്കായി മാറ്റി വയ്ക്കണം. ഇവരുടെ അഭാവത്തിൽ ലേണേഴ്സ് ലൈസൻസ് കാലാവധി ഉടൻ അവസാനിക്കുന്നവരെ മുൻഗണനാ ക്രമത്തിൽ പരിഗണിക്കണം (അതാത് ദിവസം രാവിലെ 11 മണിക്ക് മുൻപായി ഓഫീസ് മേധാവിക്ക് മുൻപാകെ ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ച് അർഹത തീരുമാനിക്കണം.)

(2) ഡ്രൈവിംഗ് ടെസ്റ്റിനുള്ള അപേക്ഷകളുടെ പരിശോധന പൂർത്തിയാക്കി 'DL Test Candidate List' ഒപ്പിട്ടതിനു ശേഷം ആദ്യപടിയായി കേന്ദ്ര മോട്ടോർ വാഹന ചട്ടം 15(3) അനുശാസിക്കുന്ന പ്രകാരം MVI റോഡ് ടെസ്റ്റ് നടത്തുകയും വിജയിക്കുന്നവർക്ക് AMVI ഗ്രൗണ്ട് ടെസ്റ്റുകൾ നടത്തുകയും രണ്ടു ടെസ്റ്റുകളിലും പാസാക്കുന്നവർക്ക് ലൈസൻസ് അനുവദിച്ചു നൽകേണ്ടതുമാണ്. കേന്ദ്ര മോട്ടോർ വാഹന ചട്ടം 15(3) അനുശാസിക്കുന്ന റോഡ് ടെസ്റ്റിന്റെ എല്ലാ പോയിന്റുകളും കൃത്യമായി പരിശോധിച്ചു കൊണ്ട് തന്നെ റോഡ് ടെസ്റ്റ് നടത്തുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

(3) Dual Clutch and Break (Dual Control System) ഘടിപ്പിച്ച വാഹനങ്ങളിൽ ഡ്രൈവിംഗ് ടെസ്റ്റ് അനുവദിക്കുന്നതല്ല. ഈ നിർദ്ദേശം പ്രാബല്യത്തിൽ വരുത്തുന്നതിന് ഉത്തരവ്

തീയതി മുതൽ മൂന്നു മാസം വരെ സാവകാശം അനുവദിക്കേണ്ടതാണ്.

(4) പരാമർശം (1) സർക്കുലർ ഖണ്ഡിക 8 പ്രകാരം ഉള്ള ഡാഷ് ബോർഡ്ക്യാമറ , VLDC എന്നിവ ഘടിപ്പിക്കാൻ ഉത്തരവ് തീയതി മുതൽ 3 മാസം കൂടി ഇളവ് അനുവദിച്ചു നൽകേണ്ടതാണ് .

(5) 15 വർഷത്തിൽ കൂടുതൽ കാലപ്പഴക്കമുള്ള വാഹനങ്ങളിൽ ഡ്രൈവിംഗ് ടെസ്റ്റ് നടത്താൻ അനുവദിക്കില്ല എന്ന നിബന്ധനയ്ക്ക് ഉത്തരവ് തീയതി മുതൽ 6മാസം കൂടി ഇളവു അനുവദിച്ചു നൽകേണ്ടതാണ് .

(6) ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്ന ഉദ്യോഗസ്ഥർ അതേ ദിവസം തന്നെ വാഹനങ്ങളുടെ ഫിറ്റ്നെസ്സ് ടെസ്റ്റ് കൂടി നടത്താൻ പാടില്ല.

(7) പരാമർ ശം (1) സർക്കുലർ പ്രകാരം നിർദ്ദേശിക്കപ്പെട്ട വിധത്തിൽ ടെസ്റ്റ് ട്രാക്ക് സജ്ജമാക്കാൻ സാധിക്കാത്ത സ്ഥലങ്ങളിൽ ആയത് സജ്ജമാക്കുന്നത് വരെ നിലവിലുള്ള രീതിയിൽ തന്നെ ഡ്രൈവിംഗ് ടെസ്റ്റ് പാർട്ട് 1 (H) നടത്തേണ്ടതാണ്. നിർദ്ദിഷ്ട ഡ്രൈവിംഗ് ടെസ്റ്റ് ട്രാക്ക് എത്രയും വേഗം സജ്ജമാക്കേണ്ടതുമാണ്.

(8) സർക്കാർ നിയന്ത്രണത്തിൽ വരുന്ന സ്ഥലങ്ങളിൽ തന്നെ പരമാവധി ടെസ്റ്റ് കേന്ദ്രങ്ങൾ സജ്ജീകരിക്കുന്നതിനു ഗതാഗത കമ്മീഷണർ ബന്ധപ്പെട്ട RTOമാർക്ക് നിർദേശം നൽകേണ്ടതാണ്.

ഉത്തരവ് തീയതി മുതൽ മേൽ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തേണ്ടതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Dr Vasuki K I A S
SECRETARY

ഗതാഗത കമ്മീഷണർ, തിരുവനന്തപുരം
എല്ലാ DTC,RT/JRT ഓഫീസർമാർക്കും (ഗതാഗത കമ്മീഷണർ മുഖേന)
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Susilkumary S
Date: 04-05-2024 10:14:10
സെക്ഷൻ ഓഫീസർ

പകർപ്പ്;
ഗതാഗത വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ഗതാഗത സെക്രട്ടറിയുടെ CA-യ്ക്ക്